## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3815          23.08.2017 ൽ മറുപടിയ്ക്ക്**

## സൗരവൈദ്യുതിയുടെ വ്യാപനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>'' തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>'' വി.പി.സജീന്ദ്രൻ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്തെ സൗരവൈദ്യുതിയുടെ വ്യാപനം സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വൈദ്യുതി ഗ്രിഡിന്റെ സ്ഥിരത ഉറപ്പാക്കാനായി റെഗുലേഷൻ അനുസരിച്ച് വിതരണ ട്രാൻസ് ഫോമറിന്റെ 15% അല്ലെങ്കിൽ ശരാശരി ലോഡിന്റെ (ഏഴ ദിവസം 8 a.m മുതൽ 4p.m.വരെയുള്ള) 80% വരെ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. ഈ നിലയിൽ സോളാർ കണക്ടിവിറ്റി നൽകുന്നതിന് മുമ്പ് ഇത് പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. അതുപോലെ ഉയർന്ന ശേഷിയുള്ള പദ്ധതികളുടെ കണക്ടിവറ്റി നൽകുന്നതിന് മുമ്പ് ലോഡ് ഫ്ലോ സ്റ്റഡി നടത്താറുണ്ട്.<br>സൗരവൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുമ്പോൾ ഗ്രിഡിന്റെ സ്ഥിരത പഠിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു പൈലറ്റ് പദ്ധതി സർക്കാർ സഹായത്തോടു കൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഞ്ചുകോടിയോളം രൂപ മുടക്കി വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് സൗരോർജ്ജം ഉല്പാദിപ്പിക്കുന്ന സ്രോതസ്സുകളും അവയുടെ ഉപഭോക്താക്കളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | സൗരോർജ്ജം മുഖ്യ സ്രോതസ്സായുള്ള ഫോട്ടോവോൾട്ടായിക് പദ്ധതികൾ തറ നിരപ്പിലും കെട്ടിടങ്ങളുടെ മേൽക്കൂരയിലും ഡാമിന്റെ നടപ്പാതയിലും കനാലിന്റെ മുകളിലും ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്നതുമായ പദ്ധതികൾ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഗ്രിഡ്ബന്ധിതമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I - ൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | സ്വകാര്യ/ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങളുടെ മുഖ്യഗുണഭോക്താക്കൾ അതാത് ഉപഭോക്താക്കളാണ്. ഇതു കൂടാതെ സിയാൽ 23.19 മെഗാവാട്ടും ഹിൻഡാൽകോ 1 മെഗാവാട്ടും സോളാർ പാർക്ക് 36 മെഗാവാട്ട്, അനെർട്ട് (ഗ്രിഡ്ബന്ധിതം) 2 മെഗാവാട്ട്, ഉപഭോക്താക്കൾ (മേൽക്കൂരകളിൽ) 6.88 മെഗാവാട്ട്, കെ.എസ്. ഇ. ബി ലിമിറ്റഡ് 10.399 മെഗാവാട്ടും ഗ്രിഡ്ബന്ധിത പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. അതാത് ഉപഭോക്താക്കൾ ഗുണഭോക്താക്കളായിട്ടുള്ള 10.3 മെഗാവാട്ടിന്റെ ഓഫ് ഗ്രിഡ് പദ്ധതികൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്.<br>പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ ഉടമസ്ഥതയിൽ 2 മെഗാവാട്ടിന്റെ സോളാർപ്ലാന്റ് വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകി വരുന്നുണ്ട്. നിലവിൽ അനെർട്ടിന്റെ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി 7 ഉപഭോക്താക്കൾക്ക് (സർക്കാർ കെട്ടിടങ്ങൾ) 110kWp ഉം ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 25 ഉപഭോക്താക്കൾക്ക് (സർക്കാർ കെട്ടിടങ്ങൾ) 2kWp ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി, 4 ഉപഭോക്താക്കൾക്ക് (3 സർക്കാർ കെട്ടിടങ്ങളും 1 പ്രൈവറ്റ് കോളേജും) 2100kWp ശേഷിയുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.<br>അനെർട്ട് നടപ്പിലാക്കുന്ന റൂഫ് ടോപ്പ് സോളാർ പദ്ധതി പ്രകാരം പതിനായിരത്തിലധികം മേൽക്കൂരകളിൽ സൗരോർജ്ജ പാനൽ ഘടിപ്പിച്ച ഗാർഹിക, വ്യവസായ ഉപഭോക്താക്കൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിൽ സ്വന്തം ഉപഭോഗം കഴിഞ്ഞു ബാക്കിയുള്ളത് വൈദ്യുത വിതരണ കമ്പനികളുടെ ശൃംഖലയിലേക്ക് നൽകുന്നതാണ്. |
| (സി) | സൗരവൈദ്യുതിയുടെ വ്യാപനം സംബന്ധിച്ച് വൈദ്യുതിബോർഡ് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡ്-ന്റെ അധീനതയിലുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സ്ഥലത്തും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 10.399 മെഗാവാട്ട് സ്ഥാപിച്ചിട്ടുണ്ട്. 8.515 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 4.4175 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.<br>കെ.എസ്.ഇ.ബി ലിമിറ്റഡ് നേരിട്ട് സർക്കാർ കെട്ടിടങ്ങളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും മേൽക്കൂരയിൽ 1.22 മെഗാവാട്ടിന്റെ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഫണ്ടിന്റെ ലഭ്യത കൂടി കണക്കാക്കി സർവ്വേ ക്രമപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

അനുബന്ധം - I

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തിയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലക്കൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2016 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 എണ്ണം) | 0.475 | |

| | | | |
|---|---|---|---|
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12-നം) | 0.130 | |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| | ആകെ | 10.399372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 2 | ബാണാസുരസാഗർ റിസർവോയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 3 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 4 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 5 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 6 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 7 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 8 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| 9 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.435 | നിർമ്മാണം പുരോഗമിക്കുന്നു | |
| 10 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.33 | നിർമ്മാണം പുരോഗമിക്കുന്നു | |
| | ആകെ | 8.515 | | |

# ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0 60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 4 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 5 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| 6 | കോഴിക്കോട് (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.48 | 330.18 |
| 7 | കണ്ണൂർ (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.67 | 512.50 |
| 8 | തെക്കൻ മേഖലയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ മുകളിൽ | 0.0575 | 40.595 |
| | ആകെ | 4.4175 | |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

## Solar Power Plants Commissioned - Demonstration, Deposit Work and Consultancy Scheme

### Demonstration Scheme -2012-13

| Sl No | District | Name of Ministry/Dept/PSU | Capacity (kWp) |
|---|---|---|---|
| 1 | Thiruvananthapuram | ANERT Head Quarters | 15 |
| | | Thycaud Womens & Childrens Hospital | 40 |
| | | Medical College | 20 |
| | | State Planning Board | 20 |
| | | Manmohan Banglow | 3 |
| | | Thycaud House | 2 |
| | | Audit General Office | 10 |
| | | Total | 110 kWp |

### Details of Solar Power Plants (2013-14)

### Deposit Work Scheme For Off-Grid ( 2013-14)

| Sl No | District | Name of Ministry/Dept/PSU | Capacity (kWp) |
|---|---|---|---|
| 1 | Kollam | Thrikkadavoor Grama Panchayath | 3 |
| | | Kulasekharapuram Grama Panchayath | 2 |
| 2 | Pathanamthitta | Kalanjoor Grama Panchayath | 2 |
| 3 | Idukki | Kumily Grama Panchayath | 6 |
| 4 | Thrissur | Thrikkur Grama Panchayath | 3 |
| | | Govt. Mental Health Centre | 5 |
| | | Mathilakam Block Panchayath | 5 |
| | | Pig Production & Research Centre | 4 |
| 5 | Kozhikode | Perambra Taluk Hospital | 2 |
| | | Chelannur Block Panchayath | 4 |
| | | CHC Narikuni | 4 |
| | | Govt. Homeopathic medical College | 5 |
| 6 | Kannur | Kannur Block Panchayath | 5 |
| | | Aralam Wild Life Dormitory | 2 |
| | | Aralam Wild Life Division Office | 2 |
| 7 | Wayanad | Govt. Polytechnic Meppady | 3 |
| 8 | Kasaragod | Govt. College | 10 |
| 9 | Eranakulam | Vengola Grama Panchayat | 2 |
| | | Total | 69kWp |

### Consultancy Work For Off- Grid (2013-14)

| Sl No | District | Name of Ministry/Dept/PSU | Capacity (kWp) |
|---|---|---|---|
| 1 | Kottayam | Assumption college | 3 |
| | | Total | 3kWp |

# Details of Solar Power Plants (2014-15)

| | | | |
|---|---|---|---|
| **Deposit Work Scheme For Off-Grid (2014-15)** | | | |
| 1 | Thiruvananthapuram | KSIHFW | 15 |
| | | CWRDM Neyyattinkara | 4 |
| 2 | Alappuzha | Cherthala Taluk Hospital | 45 |
| 3 | Thrissur | Irinjalakuda Municipality | 25 |
| 4 | Kozhikode | Thamarassery Grama Panchayath | 3 |
| 5 | Kannur | Kadannappally-Panappuzha Grama Panchayath | 6 |
| 6 | Kasaragod | Pullur-Periya Grama Panchayath | 4 |
| Total | | | 102kWp |
| **Deposit Work Scheme For On-Grid (2014-15)** | | | |
| 1 | Thiruvananthapuram | University of Kerala | 100 |
| Total | | | 100 kWp |
| **Consultancy Work For Off- Grid ( 2014-15)** | | | |
| 1 | Thiruvananthapuram | Attingal Municipality | 3 |
| 2 | Palakkad | Kozhinjanpara Grama Panchayath | 4 |
| Total | | | 7kWp |
| **Consultancy Work Scheme For On-Grid (2015-16)** | | | |
| 1 | Thrissur | Thrissur Corporation | 200 |
| | | Total | 200kWp |
| GRAND TOTAL | | | 589kWp |